VOL. 3 ISSUE 7 2015 OCTOBER

THE KCS NEWS

www.kcschicago.com www.facebook.com/ChicagoKCS

KNANAYA CATHOLIC SOCIETY OF CHICAGO



PATRON:
ARCH BISHOP RT. REV. DR. MATHEW MOOLAKATT
SPIRITUAL DIRECTOR :
REV. FR. ABRAHAM MUTHOLATH

PRESIDENT : JOSE KANIYALY
SECRETARY : JEENO KOTHALADIYIL
NEWS EDITOR : NAIJU MANAKATT

ക്നാനായ നൈറ്റ്: നവംബർ 7ന്

പ്രൊഫ. ഷീലാ സ്റ്റീഫൻ

ഫാ. തോമസ് മുളവനാൽ

ഫാ. എബ്രഹാം മുത്തോലത്ത്

സണ്ണി പൂഴിക്കാല

കെ.സി. എസ്. അംഗങ്ങളുടെ സർഗ്ഗാത്മക ആവിഷ്കാരത്തിന്റെ ആഘോഷമായ ക്നാനായ നൈറ്റ് നവംബർ 7 ശനിയാഴ്ച താഫ്റ്റ് ഹൈസ്കൂളിൽ (6530 W.Brynmawr, Ave, Chicago, IL 60631) വെച്ച് നടത്തപ്പെടുന്നതാണ്. ക്നാനായ നൈറ്റിന്റെ ഉദ്ഘാടനം കോട്ടയം ബി. സി. എം കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. ഷീലാ സ്റ്റീഫൻ നിർവഹിക്കുന്നതാണ്. സീറോ മലബാർ രൂപതാ വികാരി ജനറാൾ ഫാ. തോമസ് മുളവനാൽ, സേക്രട്ട് ഹാർട്ട് ഫൊറോന വികാരി ഫാ. എബ്രഹാം മുത്തോലത്ത്, കെ.സി.സി.എൻ.എ. പ്രസിഡന്റ് സണ്ണി പൂഴിക്കാല എന്നിവർ പങ്കെടുക്കും.

കലാസന്ധ്യ, കൃത്യം 6 മണിക്ക് പ്രാർത്ഥനാഗാനത്തോടും വെൽക്കം പ്രോഗ്രാമോടും കൂടി ആരംഭിക്കും. തുടർന്ന് കിഡ്സ് ക്ലബ്, കെ. സി. ജെ. എൽ, കെ. സി. വൈ. എൽ, യുവജനവേദി, വിമൻസ് ഫോറം, ഗോൾഡീസ്, സീനിയർ സിറ്റിസൺസ് ഫോറം എന്നീ ക്രമത്തിൽ കെ. സി. എസ് പോഷക സംഘടനകളുടെ പരിപാടികളും തുടർന്ന് നാടകവേദിയുടെ സ്കിറ്റും അവതരിപ്പിക്കും

പരിപാടികളുടെ മധ്യത്തിലായിരിക്കും ഉദ്ഘാടന സമ്മേളനം നടത്തപ്പെടുന്നത്. ഈ സമ്മേളനത്തിൽ വെച്ച് കലാപ്രതിഭ, കലാതിലകം, ഒളിമ്പിക്സിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ നേടുന്ന ഫോറോനാക്കുള്ള ട്രോഫി എന്നീ പുരസ്കാരങ്ങൾ സമ്മാനിക്കുന്നതായിരിക്കും. ക്നാനായ നൈറ്റ്, 6 മണിക്ക് ആരംഭിക്കുന്നതിനാൽ കലാപരിപാടികളിൽ പങ്കെടുക്കുന്നവർ 5.15 ന് എത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രത്യേക അറിയിപ്പ്: 1. മേക്കപ്പിനായി അനുവദിച്ചിരിക്കുന്ന ക്ലാസ് മുറികൾ വൃത്തിയായി സൂക്ഷിക്കുന്നതിന് മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. 2. ഓഡിറ്റോറിയത്തിൽ ഭക്ഷണപാനീയങ്ങൾ അനുവദനീയമല്ല.

ക്രിസ്റ്റീൻ ചേലയ്ക്കൽ (കലാപ്രതിഭ)

ഹാന്നാ ചേലയ്ക്കൽ (കലാതിലകം)

റ്റോബി കൈതക്കത്തൊട്ടിയിൽ (റൈസിംഗ് സ്റ്റാർ)

നീവ തോട്ടം (റൈസിംഗ് സ്റ്റാർ)

റ്റോമി അലക്സ് ചക്കാലയ്ക്കൽ (റൈസിംഗ് സ്റ്റാർ)

കെ.സി.എസ്. യൂത്ത് ഫെസ്റ്റിവൽ ഉദ്ഘാടനം

ഒക്ടോബർ 24 ന് കെ.സി.എസ്. യൂത്ത് ഫെസ്റ്റിവൽ ഫാ. ടോമി വട്ടുകുളം ഉദ്ഘാടനം ചെയ്യുന്നു. റോയി നെടുംചിറ, ജീനോ കോതാലടിയിൽ, അനീഷ കുന്നത്തുകിഴക്കേതിൽ, ജോസ് കണിയാലി, സക്കറിയ ചേലയ്ക്കൽ, ആൻസൻ മുല്ലപ്പള്ളി, മാത്യു പടിഞ്ഞാറേൽ, ഡെന്നി പുല്ലാപ്പള്ളിൽ, ജോസ് മണക്കാട്ട് എന്നിവർ സമീപം.

President's message

കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ

ചിക്കാഗോ ക്നാനായ സമൂഹം ക്നാനായ നൈറ്റ് വൻ വിജയമാക്കി മാറ്റുവാനുള്ള തയ്യാറെടുപ്പിലാണ്. വിവിധ പ്രായ പരിധിയിലുള്ളവർ കെ. സി. എസിന്റെ പോഷകസംഘടന കളുടെ ബാനറിൻ കീഴിൽ നവംബർ 7-ാം തീയതി ശനി യാഴ്ച അണിനിരക്കുന്നതോടെ കൃത്യം 6 മണിക്ക് കലാ സന്ധ്യ ആരംഭിക്കും. തുടർന്നു രണ്ടു മണിക്കൂർ നോൺസ്റ്റോപ്പ് ആയി കലാപരിപാടികൾ നടത്തപ്പെടും. അതിനുശേഷമായിരിക്കും അരമണിക്കൂർ നീണ്ടു നിൽക്കുന്ന പൊതുസമ്മേളനം. വീണ്ടും ഒരു മണിക്കൂർ കൂടി കലാസ ന്ധ്യതുടരും. എല്ലാ സമുദായസ്നേഹികളും ആറ് മണിക്ക് മുമ്പായി താഫാറ്റ് ഹൈസ്കൂളിൽ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു. ചിക്കാഗോ ക്നാനായ കമ്മ്യൂണിറ്റിയുടെ ഐക്യത്തിന്റെയും സഹകരണത്തിന്റെയും വേദിയായി ക്നാനായ നൈറ്റ് മാറട്ടെ എന്നാശംസിക്കുന്നു.

സമുദായനന്മയ്ക്കായി സഭാനേതൃത്വവും സംഘടനാനേ തൃത്വവും ഒറ്റക്കെട്ടായി പ്രവർത്തിക്കണം എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. വിഭാഗീയ ചിന്താഗതികൾക്ക് അവധി നൽകിക്കൊണ്ട് നമുക്ക് മുന്നോട്ട് നീങ്ങാം. സ്പോർട്സ് ഫോറത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച വിവിധ കായി കമത്സരങ്ങളിൽ നമ്മുടെ കുട്ടികളുടേയും യുവജനങ്ങളു ടേയും പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. മൾട്ടിപർപ്പസ് കമ്മ്യൂണിറ്റി സെന്റർ എന്ന ആശയത്തിന്റെ പ്രസക്തി ഇന്ന് വർദ്ധിച്ചിട്ടുണ്ട്. നമുക്ക് അനുയോജ്യമായ കെട്ടിടം ശ്രദ്ധ യിൽ പെട്ടാൽ ദയവായി കെ. സി. എസ് എക്സിക്യൂട്ടീ വിനെ അറിയിക്കുക. ആ നല്ല ലക്ഷ്യത്തിനുവേണ്ടി നമ്മുടെ പരിശ്രമം ഊർജ്ജിതപ്പെടുത്താം. കൂട്ടായ പരിശ്രമത്തിലൂടെ നമ്മുടെ ലക്ഷ്യം സാക്ഷാൽക്കരിക്കപ്പെടും എന്ന വിശ്വാസ മാണ് ഞങ്ങളെ മുന്നോട്ടു നയിക്കുന്നത്. ഞങ്ങൾ നാളിതു വരെ നേതൃത്വം നൽകിയ എല്ലാ പ്രവർത്തനങ്ങളോടും സഹകരിക്കുകയും ഞങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുള്ള എല്ലാ സമുദായ സ്നേഹികൾക്കും ഒരിക്കൽ കൂടി കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ

ജോസ് കണിയാലി
പ്രസിഡന്റ്

കെ. സി. എസ് വാർഷിക പൊതുയോഗം ഡിസംബർ 12 ന്

കെ. സി. എസ് വാർഷിക പൊതുയോഗം 2015 ഡിസംബർ 12-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് കമ്മ്യൂണിറ്റി സെന്ററിൽ പ്രസി ഡന്റ് ജോസ് കണിയാലിയുടെ അദ്ധ്യക്ഷതയിൽ ചേരുന്നതാണെന്ന് സെക്ര ട്ടറി ജീനോ കോതാലടിയിൽ അറിയിക്കുന്നു.

അജണ്ട

റിപ്പോർട്ട്, കണക്ക്, കെ. സി. എസ് ഓഡിറ്റർ - 2016 അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതരവിഷയങ്ങൾ, ലെജിസ്ലേറ്റീവ് / ലെയ്സൺ ബോർഡിലേക്കുള്ള പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞ. എല്ലാ കെ. സി. എസ് അംഗങ്ങളും വാർഷിക പൊതുയോഗത്തിൽ സംബന്ധിക്ക ണമെന്ന് അഭ്യർത്ഥിക്കുന്നു.

കെ.സി.എസ് സീനിയർ സിറ്റിസൺ ഫോറം

ചിക്കാഗോ കെ. സി. എസ് സീനിയർ സിറ്റി സൺസ് ഫോറത്തിന്റെ യോഗം സെപ്റ്റംബർ 5ന് കമ്മ്യൂണിറ്റി സെന്ററിൽ ചേർന്നു. ഈ യോഗ ത്തിൽ വെച്ച് ജേക്കബ് പുല്ലാപ്പള്ളിയേയും ത്രേസ്യാമ്മ പുല്ലാപ്പള്ളിയേയും ബെസ്റ്റ് ഗ്രാന്റ് പേരന്റ്സ് ആയി തെരഞ്ഞെടുത്തു. തോമസ് കല്ലിടുക്കിയിൽ, ഫിലിപ്പ് നെടുതുരുത്തിയിൽ, ജോസ് നെല്ലിക്കൽ എന്നിവരടങ്ങിയ ജഡ്ജിമാരുടെ പാനലാണ് തെരഞ്ഞെടുപ്പ് നടത്തിയത്. യോഗത്തോടനുബന്ധിച്ച് വിവിധ വിനോദപരിപാടികൾ സമുദായ പഠനം, സന്ധ്യാപ്രാർത്ഥന എന്നീ പരി പാടികളും നടത്തപ്പെട്ടു. പരിപാടികൾക്ക് മാത്യു പുളിക്കതൊട്ടി, ജോർജ്ജ് പുതുശ്ശേരിൽ, ജേക്കബ് മണ്ണാർകാട്ടിൽ, ചാണ്ടി കണ്ണാരത്തിൽ എന്നിവർ നേതൃത്വം നൽകി. അടുത്തയോഗം നവംബർ 21 ശനിയാഴ്ച 10 മണിക്ക് കമ്മ്യൂണിറ്റി സെന്ററിൽ ചെരുന്നതാണ്.

ഹൂസ്റ്റൻ ക്നാനായ കൺവെൻഷൻ കിക്ക്ഓഫ് ചിക്കാഗോയിൽ ഡിസംബർ 26 ന്

2016 ആഗസ്റ്റ് 4,5,6,7 തീയതികളിൽ ഹൂസ്റ്റണിൽ വെച്ച് നടക്കുവാൻ പോകുന്ന കെ. സി. സി. എൻ. എ കൺവെൻഷന്റെ കിക്ക് ഓഫ് കെ. സി. എസിന്റെ ആഭിമു ഖ്യത്തിൽ ഡിസംബർ 26ന് ശനിയാഴ്ച വൈകിട്ട് കമ്മ്യൂണിറ്റി സെന്ററിൽ വെച്ച് നട ത്തപ്പെടും. കെ. സി. എസ്. ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ചായിരിക്കും കിക്കോഫ്. കെ. സി. സി. എൻ. എ ദേശീയ ഭാരവാഹികൾ സമ്മേളനത്തിൽ പങ്കെടുക്കും. ചിക്കാഗോയിൽ നിന്നും പരമാവധി ക്നാനായ കുടുംബങ്ങൾ ഹൂസ്റ്റൺ കൺവെൻഷനിലേക്ക് രജിസ്റ്റർ ചെയ്ത് കൺവൻഷൻ വിജയിപ്പിക്കു വാൻ കെ. സി.എസ് എക്സിക്യൂട്ടീവ് അഭ്യർത്ഥിക്കുന്നു.

KCS Womens Forum Essay Contest Winners
Congratulations!!!

Josmy Edukkutharayil
(Malayalam)

Shiny Viruthikulangara
(English)

EXECUTIVE BOARD
PRESIDENT
JOSE KANIYALY
630-728-7956
VICE PRESIDENT
ROY NEDUMCHIRA
630-806-1270
SECRETARY
JEENO KOTHALADYIL
847-312-8488
JOINT SECRETARY
SUNNY IDIYALIL
847-338-6872
TREASURER
STEPHEN KIZHAKKEKUTTU
773-671-9864

LEGISLATIVE BOARD
Tomy Kannala (Chairman)
Biju Kannachanparambil (Vice Chairman)
FINANCE COMMITTEE
Saji Thekkumkattil (Chairman)
Alex Mullapallil
Mathew Thattamattathil
Dileep Madhavapallil

OURDOOR COMMITTEE
James Koladiyil (Chairman)
George Ealoor
Sunil Koithara
Jacob Mannarkattil
Jowyal Elakkatt
Dibin Vilangukallel
Abin Kulathilkarottu

ENTERTAINMENT COMMITTEE
Denny Pullapallil (Chair Person)
Prathibha Thachet
Predeep Muringoth

NEWS LETTER
Naiju Manakatt (Editor)
Xavier Madathilparambil
Abrham(kunjumon) Kalliduckil
Laly Mukalel

MEMBERSHIP
Anand Akasala (Chairman)
Thomas Ottapallil

LITURGY
Tomy Plathottathil (Chairman)
Peena Manappallil

LAISON BOARD
Jose Simon Mundaplackal (Chairman)
Sabu Padinjarel (Vice Chairman)
Jomon Chakariyamthadathil
Teddy Muzhayanmakkal
Mathadas Ottathycal

BUILDING BOARD
Shaji Edat
Binu Poothurail

NATIONAL COUNCIL MEMBERS
Tinu Paranjattu (Youth Rep)
Daly Kadamuriyil (Women Rep)
Cyriac Puthenpurayil
Jose Manakkatt
Thankachan Vettikattil
Thomas Poothakary
Zacharia Chelackal

Auditor
Jaibu Mathew Kulangara

KCS WARDS

WARD 1: Addison, Barrington, Bartlett, Bensenville, Bloomingdale, Carol Stream, Elmwood Park, Glen Ellyn, Glendale Heights, Hoffman Estates, Itasca, Melrose Park, Roselle, Schaumburg, Streamwood, Oak Park, Villa Park, Wooddale, Algonquin, Carpentersville, Lombard

WARD 2: Aurora, Burr Ridge, Darien, Elmhurst, Downers Grove, Naperville, Oswego, Westmont, Woodridge, Lisle, Bolingbrook, Lemont

WARD 3: Orland Park, Flossmoor, Oak Forest, Palos Hills, Tinley Park, Urbana, Woodstock, Rockford, Peoria, Springfield, Sugar Grove, Indiana, Wisconsin, Iowa, Missouri

WARD 4: (East of Dee Rd) Des Plaines East

WARD 5: Morton Grove, Niles, Park Ridge

WARD 6: Skokie, Lincolnwood, Chicago

WARD 7: Des Plaines West (west of Dee Rd), Mount Prospect, Arlington Heights, Prospect Heights

WARD 8: Glenview, Northbrook, Gurnee, Wheeling, Lake Zurich, Vernon Hills, Grayslake, Round Lake, Long Grove, Riverwood, Palatine

കെ.സി.എസിന് പുതിയ വാർഡ് പ്രതിനിധികൾ

കെ. സി. എസിന്റെ പുതുക്കിയ നിയമാവലി അനുസരിച്ച് എട്ട് വാർഡുകളിലേക്കും, ലെയ്സൺ ബോർഡിലേക്കുമുള്ള പുതിയ അംഗങ്ങളെ ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. ജിമ്മി കണിയാലി (വാർഡ് - 1), ജോബി ഓളിയിൽ (വാർഡ് - 2), ബൈജു കുന്നേൽ (വാർഡ് - 4), സാജൻ പച്ചിലമാക്കിൽ (വാർഡ് - 5), ജോജോ ഇടകര (വാർഡ് - 6), ജോജോ ആലപ്പാട്ട് - (വാർഡ് - 7), സൻജു പുളിക്കത്തൊട്ടിയിൽ (വാർഡ് - 8) എന്നിവരാണ് പുതിയ വാർഡ് പ്രതിനിധികൾ. ഒഴിവു വന്ന വാർഡ് -3 ന്റെ പ്രതിനിധിയെ പിന്നീട് നോമിനേറ്റ് ചെയ്യും.

ലെയ്സൺബോർഡ് ചെയർമാനായി ജോസ് സൈമൺ മുണ്ടപ്ലാക്കിലും വൈസ് ചെയർമാനായി പോൾസൺ കുളങ്ങരയും തെരഞ്ഞെടുക്കപ്പെട്ടു. ചാക്കോ മറ്റത്തിപ്പറമ്പിൽ, ജോണിക്കുട്ടി പിള്ളവീട്ടിൽ എന്നിവർ ബോർഡ് അംഗങ്ങളാണ്. ഒഴിവു വന്നിരിക്കുന്ന ഒരു സ്ഥാനത്തേക്ക് പിന്നീട് നോമിനേറ്റ് ചെയ്യുന്നതായിരിക്കും.

ജിമ്മി കണിയാലി

ജോബി ഓളിയിൽ

ബൈജു കുന്നേൽ

സാജൻ പച്ചിലമാക്കിൽ

ജോജോ ഇടകര

ജോജോ ആലപ്പാട്ട്

സൻജു പുളിക്കത്തൊട്ടിയിൽ

ജോസ് സൈമൺ മുണ്ടപ്ലാക്കിൽ

പോൾസൺ കുളങ്ങര

ചാക്കോ മറ്റത്തിപറമ്പിൽ

ജോണിക്കുട്ടി പിള്ളവീട്ടിൽ

Biju Thuruthiyil Memorial Badminton Tournament

Shiju Cheriyathil
(Sports Forum Chairman.)

LUCAS CHERIYATHIL

JUSTIN MANIPARAMPIL

JOJO ALAPATTU

SHABIN KURUTTUPARAMBIL

Egret Badminton club in Schaumburg. The game started off with a friendly match between middle school kids. It was a great turnout for the spectators and players. The Egret Badminton club is a world-class facility with international players as coaches. After the long day, the singles Championship was clinched by Shabin Mathews and the runner up title went to Justin Maniparampil. For the high school competitions, the Championship went to Lucas Cheriyathil as Joel Makkil settled for Runner up while Jake Padinjaral accepted the 3rd place. For the doubles the champions are Shabin Kuruttuparampil and Gibi Kollapally and Runner Up is Luke and Joice Alapattu. Overall, it was a 7 hour marathon. We, the Sports Forum Committee, are so proud of our champions and our hearty congratulations to all the participants and winners.

We are so thankful to the KCS executives for their support and encouragement. It would have been a shame if we didn't recognize all their efforts to bring the association back into the mainstream.

I would also like to recognize Mr. Luke Alapattu, Shabin Kuruttuparampil and Nimi Thuruthuvalil for the outstanding support in organizing the game charts and the overall coordination. Their dedication and the love for the game is comendable. The Sports Forum appreciates the presence and support of Jose Kaniyaly, Roy Nedumchira, Jeeno Kothaladyil and Jose Manakkatt.

Let's not forget the officials of this tourney: James, Bejoy Kappen, Renju Gopinathen and Babu Abraham. Their dedication and hard work so is very appreciated.

The Sports Forum Committee is so thankful to every member of the community who came out to show support.

Looking forward to meeting with you at the next Tournament.

SHABIN KURUTTUPARAMBIL&
GIBY KOLLAPALLIL

JOJO & JOICE
ALAPATTU

JOEL MAKIL

Sanju Mathew

Witywide Mortgage of America Corp.
NMLS(P)#1182672
Cell: 773-599-1816, Fax: 773-337-6970, sanjumathewp@gmail.com
Your trusted Illinois residential mortgage specialist

കമ്യൂണിറ്റി സെന്റർ വാടകയ്ക്ക്

കമ്യൂണിറ്റി സെന്റർ വാടകയ്ക്ക് ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ കെ. സി. എസ്. ജോയിന്റ് സെക്രട്ടറി സണ്ണി ഇടിയാലിയുമായി (847 - 338 - 6872) ബന്ധപ്പെടുക.

കെ.സി.എസ്. ഒളിംപിക്സ് പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി

ചിക്കാഗോ കെ.സി.എസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഒളിംപിക്സ് ജനപങ്കാളിത്തത്താൽ ശ്രദ്ധേയമായി. സേക്രട്ട് ഹാർട്ട് ഫോറോനാ വികാരി ഫാ. ഏബ്രഹാം മുത്തോലത്ത് ഒളിംപിക്സ് ഉദ്ഘാടനം ചെയ്തു. ഫാ. സുനി പടിഞ്ഞാറേക്കര, ഫാ. ജോസ് കന്നുവെട്ടിയേൽ എന്നിവർ പ്രസംഗിച്ചു. കായികതാരങ്ങളുടെ മാർച്ച് പാസ്റ്റിൽ വൈസ് പ്രസിഡന്റ് റോയി നെടുചിറ സല്യൂട്ട് സ്വീകരിച്ചു. ജനറൽ സെക്രട്ടറി ജീനോ കോതാലടിയിൽ സ്വാഗതവും, ട്രഷറർ സ്റ്റീഫൻ കിഴക്കേക്കുറ്റ് നന്ദിയും പറഞ്ഞു. ജോയിന്റ് സെക്രട്ടറി സണ്ണി ഇടിയാലിൽ, കെ.സി.സി.എൻ.എ റീജിയണൽ വൈസ് പ്രസിഡന്റ് ടിനു പറഞ്ഞാട്ട്, വിമൻസ് ഫോറം പ്രസിഡന്റ് പ്രതിഭ തച്ചേട്ട് എന്നിവർ സന്നിഹിതരായിരുന്നു.കെ.സി.എസ്. ഔട്ട്ഡോർ കമ്മിറ്റി ചെയർമാൻ ജെയിംസ് കോലടിയിൽ, ഒളിംപിക്സ് കമ്മറ്റി ജനറൽ കൺവീനർ ജെസ്റ്റിൻ തെങ്ങനാട്ട്, ഔട്ട് ഡോർ കമ്മറ്റി അംഗങ്ങളായ എബിൻ കുളത്തികരോട്ട്, സുനിൽ കോയിത്തറ, ജേക്കബ്ബ് മണ്ണാർകാട്ടിൽ, ജോയൽ ഇലക്കാട്ട്, ഡിബിൻ വിലങ്ങുകല്ലിൽ, ജോർജ് ഏലൂർ, വിവിധ ഫോറോന കോ ഓർഡിനേറ്റേഴ്സായ ലിജോ മുണ്ടപ്ലാക്കൽ, ജ്യോതിഷ് തെങ്ങനാട്ട്, സൈബു കിഴക്കേക്കുറ്റ്, മനോജ് അമ്മായികുന്നേൽ, അജോമോൻ പൂത്തറയിൽ, പുന്നൂസ് തച്ചേട്ട്, സിബു കുളങ്ങര, ജെയിംസ് പാട്ടപ്പതി, ജോസ് മണക്കാട്ട്, സിറിയക്ക് കൂവക്കാട്ടിൽ, ജോസ് ഇടിയാലിൽ, ജോയി തേനാകര, സാജു കണ്ണമ്പള്ളിൽ, സജി പൂതൃക്കയിൽ, ജീവൻ തോട്ടിക്കാട്ട് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

ചിക്കാഗോ കെ.സി.എസ് സ്പോർട്സ് ഫോറം ടെന്നീസ് ടൂർണമെന്റ്



ചിക്കാഗോ കെ.സി.എസ്. സ്പോർട്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ടെന്നീസ് ടൂർണമെന്റിൽ സിംഗിൾസിൽ മാത്യു മണപ്പള്ളി ചാമ്പ്യനായി. ഡബിൾസ് കിരീടം ജിബി കൊല്ലപ്പള്ളിയും, ഫെബിൻ കണിയാലിയും കരസ്ഥമാക്കി. ലൂക്ക് ആലപ്പാട്ടാണ് സിംഗിൾസ് റണ്ണർ അപ്പ്. ഡബിൾസിൽ മാത്യു മണപ്പള്ളിയും ജെയിംസ് വെട്ടിക്കാട്ടിലും റണ്ണർ അപ്പ് സ്ഥാനം നേടി.

റിവർ ട്രെയിൽസ് ടെന്നീസ് ക്ലബിൽ വെച്ച് നടത്തപ്പെട്ട മത്സരങ്ങൾക്ക് സ്പോർട്സ് ഫോറം ചെയർമാൻ ഷിജു ചെറിയത്തിൽ, ലൂക്ക് ആലപ്പാട്ട് എന്നിവർ നേതൃത്വം നൽകി. ജോസ്മോൻ മാത്യു, രഞ്ജിത്ത് ഗോപിനാഥൻ എന്നിവരായിരുന്നു അമ്പയർമാർ.

കെ. സി. ജെ. എൽ പാചകപരിശീലന കളരി

കെ. സി. ജെ. എൽ - ന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 19ന് നോർത്ത് ബ്രൂദറിലുള്ള ഹോൾ ഏഡിസിൽ വെച്ച് അംഗങ്ങൾക്ക് ആരോഗ്യകരമായ ഭക്ഷണം തയ്യാറാക്കുന്നതിനെക്കുറിച്ച് പാചകവിദഗ്ധ സാറാ, പരിശീലനം നൽകി. പരിപാടികൾക്ക് കെ. സി.ജെ. എൽ കോർഡിനേറ്റർ നീനാ പോട്ടൂർ നേതൃത്വം നൽകി.

ചിക്കാഗോ കെ. സി. എസ് സ്പോർട്സ് ഫോറം ക്രിക്കറ്റ് ടൂർണമെന്റ് കൈപ്പുഴ ജേതാക്കൾ

ചിക്കാഗോ കെ.സി.എസ്. സ്പോർട്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ക്രിക്കറ്റ് ടൂർണമെന്റിൽ കൈപ്പുഴ ടീം ചാമ്പ്യന്മാരായി. ഉഴവൂർ ടീം ആണ് റണ്ണർ അപ്പ്. ജെസ്റ്റിൻ മാണിപറമ്പിൽ ക്യാപ്റ്റനായ കൈപ്പുഴ ടീമിൽ, മോനായി മാക്കിൽ, ജെയിംസ് വെട്ടിക്കാട്ട്, ജോസ് മണക്കാട്ട്, ജോസ് ആനമല, ആനന്ദ് വെള്ളാപ്പള്ളിൽ, അമൽ വെള്ളാപ്പള്ളിൽ, അജോമോൻ പൂത്തുറയിൽ, ആൽസിൻ പുത്തേപൗറേട്ട്, എന്നിവരായിരുന്നു അംഗങ്ങൾ. റണ്ണർ അപ്പായ സൈബു കിഴക്കേക്കുറ്റ് ക്യാപ്റ്റനായ ഉഴവൂർ ടീമിൽ മനോജ് അമ്മായിക്കുന്നേൽ, ജിസ്റ്റ്, ലൈജു, ജീവൻ തൊട്ടിക്കാട്ട്, ജിബിറ്റ് കിഴക്കേക്കുറ്റ്, ജോമോൻ, നിതിൻ, റോജി, സച്ചിൻ, അജി എന്നിവരാണ് കളിച്ചത്.

ഡെസ് പ്ലെയിൻസിലെ ഡി പാർക്കിൽ വെച്ച് നടത്തപ്പെട്ട മത്സരങ്ങൾക്ക് സ്പോർട്സ് ഫോറം ചെയർമാൻ ഷിജു ചെറിയത്തിൽ, ജെസ്റ്റിൻ തെങ്ങനാട്ട്, ജീനോ കോതാലടിയിൽ, സണ്ണി ഇടിയാലിൽ, സ്റ്റീഫൻ കിഴക്കേക്കുറ്റ് എന്നിവർ നേതൃത്വം നൽകി.

കെ.സി.എസ് ക്രിസ്തുമസ് ആഘോഷം ഡിസംബർ 26 ന്

കെ. സി. എസ് ക്രിസ്തുമസ് ആഘോഷം ഈ വർഷം ഡിസംബർ 26ന് ശനിയാഴ്ച വൈകുന്നേരം 6 മണിമുതൽ കമ്മ്യൂണിറ്റി സെന്ററിൽ വെച്ച് നടത്തപ്പെടുന്നതാണ്. പൊതുസമ്മേളനം, കലാപരിപാടികൾ സ്നേഹവിരുന്ന് എന്നിവ ആഘോഷങ്ങളിൽ ഉൾപ്പെടുന്നു. ക്നാനായ കർഷശ്രീ അവാർഡ് അന്നേദിവസം സമ്മാനിക്കുന്നതാണ്. കെ. സി. എസ് യുവജനോത്സവത്തിൽ സമ്മാനാർഹരായിട്ടുള്ളവർക്ക് തദവസരത്തിൽ ട്രോഫികൾ സമ്മാനിക്കും. കലാപരിപാടികൾ അവതരിപ്പിക്കാനാഗ്രഹിക്കുന്നവർ ഡെന്നി പുല്ലാപ്പള്ളി (8476449418) യുമായി ബന്ധപ്പെടുക.

KNANAYA YOUNG FAMILY FORUM NEWS

Knanaya Young Family Forum conducted a family bowling night on October 18th at Brunswick Bowling center, Mount Prospect. The 3 hour was filled with fun for adults & kids, and everyone enjoyed bowling, and food. This was a great quick getaway for Young families from their day to day busy life. Mathukutty Kadavil was the coordinator behind this successful event, and there were about 75 people including adults and kids participated in this event.

Towards the end of the event, the forum discussed many possible future events, and the importance of the involvement of this group in the community. Co-Chair Matt Vilangattusseril thanked everyone who participated the event, and informed the next event will be announced in the near future.

Thank you,
Abhilash Nellamattom
Chairman - KYFF

കെ.സി.എസ്. വിനോദയാത്ര നടത്തി

ചിക്കാഗോ കെ. സി. എസി ന്റെ ആഭിമുഖ്യത്തിൽ മിഷിഗണിലുള്ള സെന്റ് ജോസഫ് സിറ്റിയിലേക്ക് ഏകദിന വിനോദയാത്ര ഒക്ടോബർ 10 ന് നടത്തപ്പെട്ടു. വിനോദയാത്ര യോടനുബന്ധിച്ച് സെന്റ് ജോസഫ് ബീച്ച്, ലൈറ്റ് ഹൗസ്, സെന്റ് ജോസഫ് കത്തീഡ്രൽ എന്നീ സ്ഥലങ്ങൾ സന്ദർശിച്ചതോടൊപ്പം ആപ്പിൾ പിക്കിംഗ്, വൈൻ ടേസ്റ്റിംഗ് എന്നിവയ്ക്കുള്ള അവസരവും ഉണ്ടായിരുന്നു. യാത്രയ്ക്ക് ജോസ് കണിയാലി, റോയി നെടുംചിറ, ജീനോ കോതാലടിയിൽ, സണ്ണി ഇടിയാലിൽ, സ്റ്റീഫൻ കിഴക്കേക്കുറ്റ്, ജോണിക്കുട്ടി പിള്ളവീട്ടിൽ, ഡാളി കടമുറിയിൽ, ജിമ്മി കണിയാലി, ജേക്കബ് മണ്ണാർകാട്ടിൽ, ജോയൽ ഇലയ്ക്കാട്ട് എന്നിവർ നേതൃത്വം നൽകി.

KCS Special Dates

November 7th, Sat 6:30pm:
Knanaya Night
Taft High School Auditorium
November 8th Sun 6-9 pm
Womens Forum Seminar
for couples community Center

December 4th, Fri. 8pm:
Board of Directors Meeting

December 12th, Sat. 10am:
Annual General Body Meeting
Community Center

December 26th, Sat 6:30pm:
KCS Christmas Celebration &
Houston Convention Kickoff
Community Center

Feb 11-15, 2016:
Western Caribbean Cruise

2016 Aug. 4-7
Knanaya Convention, Houston

KCYL NEWS

Kcyl organized a trip to a famous haunted house (house of torment). This event was organized to get the youth in the holiday spirit. Kcyl members enjoyed getting terrified at the famous haunted house. As many people know, KCYLNA youth summit coming up. Please contact RSVP Jex Nediyakalayil for any questions 1 (847) 315-0599. Summit will take place on December 27 in New Jersey.



ആദരാഞ്ജലികൾ ആദരാഞ്ജലികൾ ആദരാഞ്ജലികൾ ആദരാഞ്ജലികൾ ആദരാഞ്ജലികൾ ആദരാഞ്ജലികൾ

FR THOMAS VATTOTHUPARAMPIL

M.C. CHACKO MUTHOLATHIU

K.J. PAUL KANIYALIL

THOMAS KUNNUMPURATHU

PACHY NEDUMAKEL

JOSE PANAYAPARAMBIL

THOMAS KUSSAKUZHIYIL

JOSEPH ANITHOTTATHIL

JOSEPH THATHAMKULATHIL

MATHEW PUZHAKKAROTTU

THRESIAMMA POOZHIKUNNEL













KCS

KNANAYA CATHOLIC SOCIETY OF CHICAGO
5110 N. Elston Ave., Chicago, IL 60630